**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3357** — **15-02-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ടൂറിസം പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം മുകേഷ്</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭരണാനുമതി ലഭിച്ച ആദ്യഘട്ടത്തിന്റെ നിർവ്വഹണത്തിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 07.08.2023ലെ സ. ഉ. (സാധാ.) 398/2023/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10,19,05,104/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിങ് (KEL) ലിമിറ്റഡിനെ തിരഞ്ഞെടുത്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ 20% തുക വകയിരുത്തിയ തിരുമുല്ലാവാരം തീർത്ഥാടന വിനോദസഞ്ചാര കേന്ദ്രം, തങ്കശ്ശേരി പൈതൃക ടൂറിസം പദ്ധതി എന്നീ പദ്ധതികൾക്ക് നാളിതുവരെയായി ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>വിശദമായ ബജറ്റ് എസ്റ്റിമേറ്റിൽ മരാമത്ത് പണികളുടെ വിശദ വിവരണം അടങ്ങിയ അനുബന്ധം രണ്ടിന്റെ രണ്ടാം വാല്യത്തിൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) ഉൾപ്പെട്ട പദ്ധതികളായിരുന്നു തിരുമുല്ലാവാരം തീർഥാടന വിനോദ സഞ്ചാര കേന്ദ്രവും തങ്കശേരി പൈതൃക ടൂറിസം പദ്ധതിയും. മൊത്തം അടങ്കലിന്റെ 20% തുക വകയിരുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിശദ എസ്റ്റിമേറ്റ് തയാറാവുന്ന മുറയ്ക്കാണു ഭരണാനുമതിക്കു പരിഗണിക്കാറുള്ളത്.<br><br>സ്ഥല ലഭ്യതയുടെയും സാധ്യതാ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് ഇത്തരം പദ്ധതികളുടെ വിശദ എസ്റ്റിമേറ്റ് തയാറാക്കുന്നതും ഭരണാനുമതിക്കുമുള്ള നടപടികൾ സ്വീകരിക്കുന്നതും. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്കു തുടർനടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ ടൂറിസം വകുപ്പിന്റെ പ്ലാൻ- നോൺ പ്ലാൻ ഫണ്ട് വിനിയോഗിച്ചും കിഫ്ബി ഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കുന്നതിന് അനുമതി നൽകിയതും നിർവ്വഹണം പുരോഗമിച്ച് വരുന്നതുമായ വിവിധ പദ്ധതികൾ</td><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം ജില്ലയിൽ നോൺ പ്ലാൻ/കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. കൊല്ലം ജില്ലയിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി നൽകിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ഇപ്രകാരമാണ് :
<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതി</th><th>ഭരണാനുമതി തുക</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>1.</td><td>കൊല്ലം സർക്കാർ അതിഥി മന്ദിരത്തിൽ പൂന്തോട്ട നിർമാണവും തുടർന്നുള്ള പരിപാലനവും</td><td>1,41,54,204 രൂപ</td><td>പൂർത്തിയായി</td></tr>
</table></td></tr>
</table>

| | | | | |
|---|---|---|---|---|
| | ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ? | | | |

| | | | |
|---|---|---|---|
| 2. | കൊല്ലം ഗവ. ഗസ്റ്റ് ഹൗസിന്റെ ചുറ്റുമതിൽ നിർമാണം | 12,60,000 രൂപ | പൂർത്തിയായി |
| 3. | കൊല്ലം ഗവ. ഗസ്റ്റ് ഹൗസിലെ നിലവിലുള്ള സ്റ്റീൽ ടവറിന്റെയും ഓവർഹെഡ് ടാങ്കിന്റെയും അറ്റകുറ്റപ്പണി | 14,70,000 രൂപ | ആരംഭിച്ചിട്ടില്ല |
| 4. | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി: പടിഞ്ഞാറെ കല്ലട ഗ്രാമീണ ടൂറിസം - 'നിഴലിടം' (90,00,000 രൂപ). | വിനോദ സഞ്ചാര വകുപ്പിന്റെ വിഹിതം 50,00,000 രൂപ | പുരോഗമിക്കുന്നു |
| 5. | കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഒന്നാം ഘട്ടം | 10,19,05,104 രൂപ | ആരംഭിച്ചിട്ടില്ല |
| 6. | കൊല്ലം എസ്. എൻ. കോളജ് റയിൽവേ മേൽപ്പാലത്തിനു താഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതി | 2,00,00,000 രൂപ | കരാർ ഒപ്പുവച്ചു; നിർമാണം ആരംഭിച്ചിട്ടില്ല. |
| 7. | തെന്മലയിൽ സംഗീത ജലധാര നവീകരിക്കാനും തെന്മല ഇക്കോ ടൂറിസം പുനരുജ്ജീവിപ്പിക്കാനുമുള്ള പദ്ധതി | 1,82,00,000 രൂപ | പുരോഗമിക്കുന്നു |
| 8. | തെന്മല ഇക്കോടൂറിസത്തിലെ തൂക്കുപാലത്തിന്റെയും എലിവേറ്റഡ് വാക്ക് വേയുടെയും നവീകരണവും അറ്റകുറ്റപ്പണിയും അനുബന്ധ സിവിൽ ജോലികളും എന്ന പദ്ധതി | 72,95,383 രൂപ | ആരംഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ